2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അഗ്നിശമന സേനയിൽ കാലോചിതമായ പരിഷ്ക്കാരങ്ങൾ

5 (*485) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗ്നിശമന സേനയിൽ കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവോ ;

(ബി) എങ്കിൽ എന്തെല്ലാം ആധുനിക സംവിധാനങ്ങളോടുകൂടിയ പരിഷ്കാരങ്ങളാണ് നടപ്പിൽ വരുത്തുക ; ഇത് സംബന്ധിച്ച് വിദഗ്ദ്ധാഭിപ്രായം ആരാഞ്ഞിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) സംസ്ഥാനത്തുണ്ടായ വിവിധ അത്യാഹിതങ്ങളിൽനിന്ന് സേനയുടെ സംവിധാനത്തിൽ എന്തെല്ലാം പോരായ്മകളാണ് കണ്ടെത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) പ്രസ്തുത സേനയുടെ നവീകരണത്തിന് നടപ്പു സാമ്പത്തിക വർഷം നീക്കിവെച്ചിട്ടുള്ള തുക എത്രയാണ് ; ഈ തുക സേനയെ സുശക്തമാക്കാൻ പര്യാപ്തമാണോ എന്ന് വ്യക്തമാക്കുമോ ;

(ഇ) സുസജ്ജമായ അഗ്നിശമനസേന എന്ന് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

*ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) ബഹുനിലകെട്ടിടങ്ങളിലുണ്ടാകാവുന്ന തീപിടുത്തത്തിലും മറ്റപകടങ്ങളിലും തീയണയ്ക്കുന്നതിനും രക്ഷാപ്രവർത്തനം നടത്തുന്നതിനുമായി 600 ലക്ഷം രൂപ വീതം വിലവരുന്ന രണ്ട് സ്കൈ ലിഫ്റ്റുകൾ (ഏരിയൽ പ്ലാറ്റ്ഫോം ലാഡർ) ഈ വർഷം വാങ്ങാനുദ്ദേശിക്കുന്നു. നഗരങ്ങളിലെയും ഗ്രാമപ്രദേശങ്ങളിലെയും ഇടുങ്ങിയ വഴികളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് കൂടുതൽ മിനിവാട്ടർ ടെൻഡറുകൾ വാങ്ങാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കുറച്ചുവെള്ളം ഉപയോഗിച്ച് ഫലപ്രദമായി കൂടുതൽ തീയണയ്ക്കാൻ പര്യാപ്തമായ വാട്ടർമിസ്റ്റ് സിസ്റ്റം എന്ന പുതിയ സാങ്കേതികവിദ്യയനുസരിച്ചുള്ള യന്ത്രങ്ങളും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കർണ്ണാടകയിൽ പരീക്ഷിച്ച് ഫലപ്രദമാണെന്ന് തെളിഞ്ഞ വാട്ടർ മിസ്റ്റ് സിസ്റ്റം ഉപയോഗിച്ചുള്ള മോട്ടോർ സൈക്കിൾ യൂണിറ്റുകളും കേരളത്തിൽ തുടങ്ങുവാൻ പദ്ധതിയുണ്ട്. വെള്ളത്തിനടിയിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനും തിരച്ചിൽ നടത്തുന്നതിനും പര്യാപ്തമായ അണ്ടർ വാട്ടർ ബ്രീത്തിംഗ് അപ്പാരറ്റസ് സെറ്റുകൾ കൂടുതൽ വാങ്ങി നൽകാൻ നടപടിയെടുത്തിട്ടുണ്ട്. ആധുനിക സൗകര്യങ്ങളെക്കുറിച്ച് നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും കേരളാ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും വിദഗ്ദ്ധ ഉപദേശങ്ങൾ ആരായാറുണ്ട്.

(സി) ആധുനിക രക്ഷാ ഉപകരണങ്ങളുടെയും വാഹനങ്ങളുടെയും കുറവ്, സേനാംഗങ്ങൾക്ക് വെള്ളത്തിലും, പെട്രോൾ/വാതക തീപിടിത്തങ്ങൾ ഉണ്ടാകുമ്പോഴും രക്ഷാ പ്രവർത്തനം ഫലപ്രദമായി നടത്തുന്നതിനുള്ള വൈദഗ്ദ്ധ്യത്തിന്റെ അഭാവം എന്നിവ കണ്ടെത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാന പദ്ധതി വിഹിതം 9.30 കോടി രൂപ. കേന്ദ്ര പദ്ധതി വിഹിതം 22.5 കോടി രൂപ. കൂടാതെ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും തുക ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ടി തുക സേനയെ സുശക്തമാക്കുവാൻ വലിയ ഒരളവുവരെ പര്യാപ്തമാണ്.

(ഇ) കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ഈ വർഷവും വരും വർഷങ്ങളിലും കൂടുതൽ അഗ്നിശമനരക്ഷാ സേവന ഉപകരണങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് അഗ്നിശമന രക്ഷാസേവന വകുപ്പിനെ കൂടുതൽ സജ്ജമാക്കാൻ സാധിക്കും.

കെ.ടി.ഡി.സി.യുടെ കീഴിലുള്ള യാത്രിനിവാസുകളുടെയും മോട്ടൽ ആരാമുകളുടേയും പ്രവർത്തനം

6 (*486) ശ്രീ. എം. എം. മോനായി :
ശ്രീ. വി. ശശികുമാർ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. ടി. ഡി. സി. യുടെ കീഴിലുള്ള യാത്രി നിവാസുകളുടെയും മോട്ടൽ ആരാമുകളുടേയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly